# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 456 29.06.2015-ൽ മറുപടിക്ക്

## അംഗത്വം നിഷേധിക്കുന്ന സഹകരണ ബാങ്കുകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.അജിത് : | ശ്രീ. സി.എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന വിവിധ സഹകരണ ബാങ്കുകളിൽ യോഗ്യതയുള്ള വർക്ക്പോലും അംഗത്വം നിഷേധിക്കുന്നതായ പരാതികൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) അംഗത്വം നിഷേധിക്കുന്ന സഹകരണ സംഘങ്ങൾ/ബാങ്കുകൾക്കെതിരെ എവിടെയാണ് പരാതി നൽകേണ്ടതെന്നും ഈ വിധം നൽകുന്ന പരാതിയിൽ പരിഹാരം ലഭിച്ചില്ലെങ്കിൽ എന്തു തുടർനടപടികളാണ് സ്വീകരിക്കേണ്ടതെന്നും വെളിപ്പെടുത്തുമോ; | (ബി) ഒരു സംഘത്തിൽ അംഗത്വത്തിനുള്ള അപേക്ഷ ലഭിച്ച തീയതി മുതൽ 2 മാസത്തിനകം ആയതിൽ സംഘം തീരുമാനം കൈക്കൊണ്ടിരിക്കണം. അപ്രകാരം അപേക്ഷ തീർപ്പാക്കിയിട്ടില്ലെങ്കിൽ അപേക്ഷകൻ രജിസ്ട്രാർക്ക് പരാതി നൽകണം. ടി അപേക്ഷ ലഭിച്ച തീയതി മുതൽ ഒരു മാസത്തിനകം അംഗത്വം നൽകണമോ വേണ്ടയോ എന്ന് തീരുമാനിക്കണം. അപ്രകാരം തീരുമാനം കൈക്കൊണ്ടില്ലെങ്കിൽ, അപേക്ഷകൻ ഒരു നിവേദനം രജിസ്ട്രാർക്കോ (സംഘത്തിനെതിരെയുള്ള പരാതി സഹകരണ നിയമം വകുപ്പ് 3(2) പ്രകാരം രജിസ്ട്രാറുടെ അധികാരങ്ങൾ നൽകപ്പെട്ടയാൾക്കാണെങ്കിൽ) അല്ലെങ്കിൽ |

സർക്കാരിനോ (സംഘത്തിനെതിരെയുള്ള പരാതി രജിസ്ട്രാർക്കാണ് നൽകിയിട്ടുള്ളതെങ്കിൽ ഇപ്രകാരമുള്ള അപേക്ഷയിൽ രജിസ്ട്രാറോ അല്ലെങ്കിൽ സർക്കാരോ ടി നിവേദനം ലഭിച്ച തീയതി മുതൽ 30 ദിവസത്തിനകം തീരുമാനം കൈക്കൊള്ളേണ്ടതുമാണ്.)

ഒരു സംഘത്തിൽ അംഗമാകാൻ നൽകുന്ന അപേക്ഷ സംഘം നിരസിക്കുകയാണെങ്കിൽ അപ്രകാരം തീരുമാനം കൈക്കൊണ്ട തീയതി മുതൽ 15 ദിവസത്തിനകം അപേക്ഷ നിരസിക്കാനുണ്ടായ കാരണങ്ങൾ സഹിതം അപേക്ഷകനെ അറിയിച്ചിരിക്കണം.

(സി) യോഗ്യതയുള്ളവർക്ക് അംഗത്വം നിഷേധിക്കുന്നതു പോലെയുള്ള നടപടികൾ സ്വീകരിക്കുന്ന സഹകരണ സംഘങ്ങൾ/ബാങ്കുകൾക്കെതിരെ വകുപ്പ്തലത്തിൽ എന്തു നടപടികളാണ് സ്വീകരിക്കുകയെന്ന് വ്യക്തമാക്കുമോ?

(സി) മേൽ പരാമർശിച്ച പ്രകാരം ലഭിക്കുന്ന പരാതി പരിശോധിച്ച ശേഷം അപേക്ഷകന് അംഗത്വം നൽകേണ്ടതാണെന്ന് കാണുന്ന പക്ഷം ആയതിനുള്ള നിർദ്ദേശം സംഘത്തിന് രജിസ്ട്രാർ നൽകുന്നതാണ്. രജിസ്ട്രാറുടെ നിയമാനുസൃതമുള്ള നിർദ്ദേശം സംഘം അവഗണിക്കുകയാണെങ്കിൽ രജിസ്ട്രാറിൽ നിക്ഷിപ്തമായ അധികാരങ്ങൾ വിനിയോഗിച്ചുകൊണ്ട് സംഘത്തിനെതിരെ ഉചിതമായ നടപടികൾ സ്വീകരിക്കാവുന്നതാണ്.

**സെക്ഷൻ ഓഫീസർ**